സ്മരണ

ഷഹ്നാസ് ബീഗം



# പോരാളിയായ പണ്ഡിതൻ

**2010 മാർച്ച്** 12–ന് വിടപറഞ്ഞ മൗലാനാ മുഹമ്മദ് ഹമീദുദ്ദീൻ ഹുസാമി ആഖിൽ കേവലം ഒരു മത പണ്ഡിതൻ എന്ന നിലയിൽ മാത്രമല്ല ചരിത്രത്തിൽ ഓർമിക്കപ്പെടുക. തീർച്ചയായും ഒരു മതപണ്ഡിതനെന്ന നിലയിൽ ഹൈദരാബാദിൽ നിറഞ്ഞുനിന്ന ഈ വ്യക്തിത്വത്തിന്റെ സ്ഥാനം അതുല്യം തന്നെ. ആകാരം പോലെ ഗാംഭീര്യമാർന്ന മൗലാനായുടെ വ്യക്തിത്വ പ്രഭാവം ഹൈദരാബാദിനെയും കവച്ച് അഖിലേന്ത്യാ മാനം നേടിയിട്ടുണ്ടെന്നതും ശരിതന്നെ. ഖാദിരിയ്യ ത്വരീഖത്തിന്റെ കൈവഴിയായി വന്നുചേർന്ന ഗുരുപദവിയും ആ വ്യക്തിത്വത്തിന് ആത്മീയമാനം ചാർത്തുന്നുണ്ട്. എന്നാൽ ഇതിനേക്കാളെല്ലാമുപരി മൗലാനാ ഹുസാമിയെ വേറിട്ട് നിർത്തുന്നത് സമകാലീന ഇന്ത്യൻ സാഹചര്യത്തിൽ അദ്ദേഹമെടുത്ത ധീരമായ നിലപാടുകളും ആർജവമുള്ള നയസമീപനങ്ങളുമാണ്.

ആത്മീയ പദവികൾ – അതാകട്ടെ മിക്കതും ആർജിതമെന്നതിനേക്കാളുപരി പാരമ്പര്യമായി ലഭിക്കുന്ന 'ബർക്കത്തു'മാണ്– ഭൗതിക സുഖജീവിതത്തിന് നിക്ഷേപമാക്കുന്നതാണ് പൊതുവെ കണ്ടുപോരുന്നത്. ബഹുജനത്തിന്റെ അജ്ഞതയുടെ തണലിലാണ് ഇവരുടെ ആത്മീയതയുടെ ലാസ്യവിലാസം. ആന്തരാരാഷ്ട്രീയ ഷണ്ഡന്മാരാണെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് നിക്ഷേപമായി നിന്നു

കൊടുക്കുന്നതിനും ഇവർ വിരോധം പ്രദർശിപ്പിച്ചു കാണാറില്ല. ഇത്തരം വിഗ്രഹവത്കരിക്കപ്പെട്ട ആത്മീയ പുരുഷന്മാരിൽനിന്നും നിർഗുണരായ ആലിമുകളിൽനിന്നും വ്യത്യസ്തമായി ജനങ്ങളുടെ സ്പന്ദനമായി മാറി എന്നതാണ് ഹുസാമിയുടെ ജീവിതത്തിന്റെ രാഷ്ട്രീയം. 'ഭീകരവാദ വിരുദ്ധ' വേതാളങ്ങളുടെ നിക്ഷിപ്ത താൽപര്യങ്ങൾക്ക് എതിർ ദിശയിൽനിന്ന് കൊണ്ട് ആപത്കരമായി 'ജീവിക്കാൻ' സ്വയം പടക്കളം തെരഞ്ഞെടുക്കുന്നവരെ മതപണ്ഡിതന്മാരുടെ കൂട്ടത്തിൽ ഇക്കാലത്ത് കണ്ടെത്താൻ വളരെ പ്രയാസമാണ്. ഭരണകൂട ഭീകരതയുടെ നൃശംസതയിൽ ശ്വാസം മുട്ടിയ ന്യൂന പക്ഷ വിഭാഗത്തിൽ ആത്മവിശ്വാസത്തിന്റെ പ്രാണവായു ചുരത്തിക്കൊടുക്കാനാണ് മൗലാനാ ആഖിൽ ഹുസൈനി തന്റെ ആത്മീയ ഊർജത്തെ ഉപയോഗപ്പെടുത്തിയത്. നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാരെ പോലീസ് പീഡിപ്പിക്കുന്നതിനെതിരെ രൂപവത്കരിച്ച മുസ്‌ലിം രാഷ്ട്രീയ-മത സംഘടനകളുടെ പൊതുവേദിയായ യുനൈറ്റഡ് മുസ്‌ലിം ഫോറത്തിന്റെ അധ്യക്ഷപദം ഏറ്റെടുത്ത് കൊണ്ട് ഒരു 'ആലിമി'ന്റെ യഥാർഥ ദൗത്യം എന്താണെന്ന് അദ്ദേഹം തെളിയിച്ചു. മദ്റസകളെ ഭീകരവാദത്തിന്റെ വിത്തുൽപാദന കേന്ദ്രമെന്ന് ഫാഷിസ്റ്റുകളും അവരുടെ വൈതാളികരായ മാധ്യമ പരിവാരങ്ങളും അപവദിച്ചപ്പോൾ അതിനെതിരെ പൊരുതാൻ ദീനീ മദാരിസ് ഫെഡറേഷന് രൂപംകൊടുക്കാൻ അദ്ദേഹം മുന്നോട്ടുവന്നു.

കക്ഷിത്വത്തിന്റെ സങ്കുചിതത്വത്തിലൂടെ, ഇരിക്കുന്ന കൊമ്പ് വെട്ടി പൊതുശത്രുവിനെ ആനന്ദിപ്പിക്കുന്ന വാമന നേതൃത്വങ്ങൾക്കിടയിൽ സമുദായത്തിന്റെ വിശാല താൽപര്യങ്ങൾക്ക് വേണ്ടി ഐക്യത്തിന്റെ പാശം പിരിക്കാനാണ് ഹുസാമി പരിശ്രമിച്ചത്. സാമുദായിക ശാക്തീകരണമെന്നത് അദ്ദേഹത്തിന്റെ ജീവിതവ്രതമായിരുന്നു. മുസ്‌ലിംകളെ ബാധിക്കുന്ന രാഷ്ട്രീയ, സാമൂഹിക പ്രശ്നങ്ങളിൽ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ ഹുസാമി നൽകിയ സംഭാവന മറക്കാനാകില്ല. 2004-ലെ തെരഞ്ഞെടുപ്പിൽ മുസ്‌ലിം വോട്ടുകളുടെ ശൈഥില്യം തടയാനുള്ള സംരംഭത്തിലും ഹുസാമിയുടെ മുൻകൈയുണ്ടായിരുന്നു. മുസ്‌ലിം യുനൈറ്റഡ് ഫോറം നിലവിൽ വരുന്നത് അങ്ങനെയാണ്. മുസ്‌ലിം സംവരണത്തിനായുള്ള മുന്നേറ്റത്തിലും മൗലാനാ ആഖിൽ ക്രിയാത്മക പങ്ക് വഹിക്കുകയുണ്ടായി.

ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിന്റെ സജീവാംഗമായിരുന്നു ആഖിൽ ഹുസാമി. 1972-ൽ ബോർഡിന്റെ രൂപവത്കരണ പശ്ചാത്തലമായി വർത്തിച്ച ബോംബെ കൺവെൻഷനിൽ മൗലാനാ ആഖിൽ ഹുസാമിയുടെ സാന്നിധ്യം സജീവമായിരുന്നു. സ്ഥാപകാംഗമായ അദ്ദേഹം ഖാദി മുജാഹിദുൽ ഇസ്‌ലാമിന്റെ നിര്യാണത്തെത്തുടർന്ന് ഹൈദരാബാദിൽ പ്രവർത്തക സമിതി യോഗം ചേർന്നപ്പോൾ പ്രസിഡന്റ് സ്ഥാനത്തേക്ക് നാമനിർദേശം ചെയ്യപ്പെട്ടിരുന്നു. ശരീഅത്തിന്റെ സംരക്ഷണം പ്രവൃത്തി പഥത്തിലൂടെയാണ് മൗലാനാ ഹുസാമി സാക്ഷാത്കരിക്കാൻ ശ്രമിച്ചത്. ഓരോ വീട്ടിലും കുടുംബത്തിലും ശരീഅത്തിന്റെ ചൈതന്യം എങ്ങനെ എത്തിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ ആലോചന. ഈ ആലോചനയുടെ ഫലമാണ് ആന്ധ്രാ പ്രദേശിൽ വിശാലാടിസ്ഥാനത്തിൽ രൂപവത്കരിച്ച ഇമാറത്തെ ശരീഅ സംവിധാനം. മുസ്‌ലിം സമാജത്തിന്റെ ആഭ്യന്തര സംസ്കരണത്തിനായുള്ള വേദിയായി ഇതിനെ മാറ്റിയെടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. കുടുംബപ്രശ്നങ്ങൾക്ക് ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരം കാണുക എന്നതായിരുന്നു ഈ വേദിയുടെ മുഖ്യ ലക്ഷ്യം. ശരീഅത്തിന് അപഖ്യാതി സൃഷ്ടിക്കുന്ന വിനകൾ തടയാൻ ഈ വേദി ഒട്ടൊക്കെ ഉപകരിച്ചു. മരിക്കുന്നതുവരെ അതിന്റെ അമീറായിരുന്നു മൗലാനാ ആഖിൽ ഹുസാമി.

പുരാതനമായ സയ്യിദ് കുടുംബത്തിലാണ് 1928-ൽ മുഹമ്മദ് ഹമീദുദ്ദീൻ ഹുസാമിയുടെ ജനനം. എന്നാൽ പ്രവാചകന്റെ സന്താന പരമ്പരയുമായുള്ള ബന്ധത്തിന്റെ 'ഗുണഭോക്താവാ'കാൻ അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചില്ല. പേരിനോടൊപ്പം ഒരിക്കലും 'സയ്യിദ്' എന്ന് കൂട്ടിക്കെട്ടാൻ അദ്ദേഹം തുനിഞ്ഞില്ല. പ്രപിതാക്കളുടെ കാലത്തേ ഉപേക്ഷിക്കപ്പെട്ട ഒരു സമ്പ്രദായമാണിതെന്ന് പിതാവ് അദ്ദേഹത്തിന് പറഞ്ഞുകൊടുത്തിരുന്നു. പേരെടുത്ത ഒരു പണ്ഡിതനായിരുന്നു പിതാവ് അല്ലാമ മുഹമ്മദ് ഹുസാമുദ്ദീനും. ഉസ്മാനിയ യൂനിവേഴ്സിറ്റിയിലെ പ്രഫസറായിരുന്നു അദ്ദേഹം. ഇസ്‌ലാമിക പഠനത്തിൽ മൗലാനാ ആഖിൽ ഹുസാമി ബി.എ.യും എം.എയുമെടുത്തതും ഉസ്മാനിയ യൂനിവേഴ്സിറ്റിയിൽനിന്നാണ്. എം.എയിൽ ഒന്നാം റാങ്കോടെ വിജയിച്ച അദ്ദേഹത്തിന് പഠനത്തിലെ മികവ് പരിഗണിച്ച് അക്കാലത്തെ സർക്കാർ സ്കോളർഷിപ്പും കിട്ടിയിരുന്നു. ബി.എക്ക് ചേർന്ന കാലത്തായിരുന്നു ഹൈദരാബാദ് പോലീസ് ആക്ഷൻ നടന്നത്. യൂനിവേഴ്സിറ്റി പഠനത്തിന് സമാന്തരമായി പഴയ നിസാമിയ്യ വിദ്യാഭ്യാസ പദ്ധതിയിലെ വിഷയങ്ങളും പിതാവിന്റെ സഹ

വാസത്തിലൂടെ അദ്ദേഹം പഠിച്ചിരുന്നു. എം.എ പൂർത്തിയാക്കിയ ശേഷം ഫഖ്റുദ്ദീൻ റാസിയുടെ 'കിതാബുൽ ഇമാമഃ' എന്ന കൃതിയെ ആസ്പദമാക്കി പി.എച്ച്.ഡി ചെയ്തിരുന്നു. തീസിസ് പൂർത്തിയാക്കി സമർപ്പിച്ചിരുന്നെങ്കിലും പിന്നീട് അതിന്റെ പിന്നാലെ പോയില്ല. പേരിനു മുന്നിൽ ഡോക്ടർ എന്ന് എഴുതിച്ചേർക്കാമെന്നല്ലാതെ അതുകൊണ്ടൊക്കെ എന്തു പ്രയോജനം എന്നായിരുന്നു ചിന്ത. സയ്യിദ് പോലെ ഡോക്ടറേറ്റ് ബിരുദവും അദ്ദേഹം വഴിയിൽ ഉപേക്ഷിച്ചു മുന്നോട്ടുപോയി. വേണമെങ്കിൽ മൗലാനാ ആഖിൽ ഹുസാമിക്ക് ഉസ്മാനിയ്യ യൂനിവേഴ്സിറ്റിയിൽ ഒരു പ്രഫസറായി കഴിഞ്ഞുകൂടാമായിരുന്നു. പക്ഷേ, പാണ്ഡിത്യത്തെ പോർച്ചട്ടയാക്കി ജനമധ്യത്തിൽ ജീവിക്കാനുള്ള വഴിയാണ് അദ്ദേഹം തെരഞ്ഞെടുത്തത്. പുതിയ തലമുറകളെ വാർത്തെടുക്കാൻ ഒരു വിദ്യാപീഠവും സ്ഥാപിച്ചു അദ്ദേഹം – ഹൈദരാബാദിലെ ദാറുൽ ഉലൂം. ആറു മില്യൻ രൂപ വാർഷിക ബജറ്റുള്ള ഈ വിദ്യാലയത്തിൽ താമസവും പഠനവും തീർത്തും സൗജന്യമാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 23 ശാഖകളുള്ള സ്ഥാപനത്തിൽ മൊത്തം 5000 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ആധുനിക ശാസ്ത്ര–സാങ്കേതിക വിദ്യകൾക്കായുള്ള ഇൻസ്റ്റിറ്റ്യൂട്ട്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകമായുള്ള റസിഡൻഷ്യൽ സ്കൂളുകൾ, ഫാർമസി കോളേജ്, റിസർച്ച് അക്കാദമി, പാരാ മെഡിക്കൽ കോഴ്സുകൾ, ദരിദ്രർക്കുവേണ്ടിയുള്ള ആശുപത്രി എന്നീ പ്രോജക്ടുകൾ ദാറുൽ ഉലൂമിന് അനുബന്ധമായി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള പരിശ്രമങ്ങൾക്കിടയിലാണ് മൗലാനാ ആഖിൽ ഹുസാമി വിട പറഞ്ഞത്. ഏതർഥത്തിലും സഫലമായ ആ ജീവിതത്തിന് നിത്യസ്മാരകമായി നിലകൊള്ളുകയാണ് ദാറുൽ ഉലൂം. ആന്ധ്ര മുഖ്യമന്ത്രി റോസയ്യ, പ്രതിപക്ഷ നേതാവ് ചന്ദ്രബാബു നായിഡു, പോലീസ് കമീഷണർ എ.കെ ഖാൻ എന്നിവരടക്കം സമുദായത്തിനകത്തു നിന്നും പുറത്തുനിന്നും അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയവർ അദ്ദേഹത്തിന്റെ പൊതുസമ്മതിയെയാണ് സാക്ഷ്യപ്പെടുത്തുന്നത്. ■